**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4434** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എൻജിനീയറുടെ കീഴിൽ നടപ്പിലാക്കപ്പെടുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. കൊല്ലം ജില്ലയിൽ അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി എന്നീ ഫാമുകളിൽ 92 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം എന്നീ ഫാമുകളിൽ 16 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം, പട്ടാമ്പി സെൻട്രൽ ഓർച്ചാർഡ്, മലമ്പുഴ ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് ഫാം എന്നീ ഫാമുകളിൽ 285.11 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ അരീക്കുഴ ജില്ലാ കൃഷിത്തോട്ടം, വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി കൃഷിത്തോട്ടം, കരിമണ്ണൂർ സംസ്ഥാന വിത്ത് ഉൽപാദന കൃഷിത്തോട്ടം എന്നീ ഫാമുകളിൽ 271 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ കൂത്താളി ജില്ലാ കൃഷിത്തോട്ടം, പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാം, തിക്കോടി CN എന്നീ ഫാമുകളിൽ 324.69351 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചു വരുന്നു. 2) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു . ഇടുക്കി വണ്ടിപ്പെരിയാറിലെ സംസ്ഥാന പച്ചക്കറി ഫാമിലുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം- (പദ്ധതി തുക133ലക്ഷം) |

| | | | |
|---|---|---|---|
| | | | നിലവിൽമണ്ണ് പരിശോധന പ്രക്രിയകൾ നടന്നുവരുന്നു. എറണാകുളം ജില്ലയിലെ നേരിയമംഗലത്തെ കൃഷി തോട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 235 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. നേരിയമംഗലം കൃഷി ഫാമിന്റെ 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സംയോജിത ഫാം മാനേജ്മെന്റ് പദ്ധതി പുരോഗതിയിലാണ്. കണ്ണൂർ ജില്ലയിലെ ചാലോട് ഫാമിൽ 23.52ലക്ഷം രൂപയുടെ റെയിൻ ഷെൽട്ടർ, പോളിനേഷൻ യൂണിറ്റ് എന്നിവയുടെ നിർമ്മാണത്തിന്റെ ടെൻഡറിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നു . പഴങ്ങളുടെ വികസനം 2020-21- അടിസ്ഥാന സൗകര്യ വികസനം - കണ്ണൂർ ജില്ലയിലെ കങ്കോൽ സീഡ് ഫാമിൽ മഴ മറയുടെ നിർമ്മാണം (1എണ്ണം) (പദ്ധതി തുക3.5ലക്ഷം) എന്നിവയുടെ 95% പൂർത്തീകരിച്ചു. പഴങ്ങളുടെ വികസനം 2020-21- അടിസ്ഥാന സൗകര്യ വികസനം - കണ്ണൂർ ജില്ലയിലെ വേങ്ങാട് സീഡ് ഫാമിൽ മഴ മറയുടെ നിർമ്മാണം (2എണ്ണം). (പദ്ധതി തുക3.5ലക്ഷം)-95% പൂർത്തീകരിച്ചു. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിനായി 14 ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിനുള്ള 120 കോടി രൂപയുടെ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് യഥേഷ്ടം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | സർക്കാരിന്റെ കീഴിലുള്ള 63 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വർഷം തോറും ഉത്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്തു വരുന്നു. 2021-22 ൽ നടീൽവസ്തുക്കളുടെ ഉത്പാദനവും, വിതരണവും എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും, ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും, മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും, ടിഷ്യൂകൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15ലക്ഷം രൂപയും, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി വിത്ത് തേങ്ങാ |

| | | | |
|---|---|---|---|
| | | | സംഭരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും, തൈകളുടെ ഉത്പാദന ചിലവുകൾക്കുമായി 1391 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 1 ലക്ഷം എണ്ണം കുറിയ ഇനം, 12 ലക്ഷം എണ്ണം നെടിയ ഇനം (WCT ), 3 ലക്ഷം എണ്ണം സങ്കരയിനം തെങ്ങിൻ തൈകൾ ഫാമുകളിൽ ഉൽപാദിപ്പിക്കാനായി ലക്ഷ്യമിട്ടിരിക്കുന്നു. ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനവും, സ്പെഷ്യൽ ഫാമുകളുടെ യന്ത്രവത്ക്കരണത്തിനുമായി 2021-22ൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കൃഷിക്കാർക്ക് ഫാം കേന്ദ്രീകരിച്ച് കാർഷിക അനുബന്ധ പരിശീലനങ്ങൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് കർഷകർക്ക് സർക്കാർ ഫാമുകളിൽ പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4434** | **10.08.2021 ൽ മറുപടിയ്ക്ക്**

## കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ.പി. പ്രസാദ്<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) 1) **സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എൻജിനീയറുടെ കീഴിൽ നടപ്പിലാക്കപ്പെടുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.**<br><br>കൊല്ലം ജില്ലയിൽ അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി എന്നീ ഫാമുകളിൽ 92 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം എന്നീ ഫാമുകളിൽ 16 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം, പട്ടാമ്പി സെൻട്രൽ ഓർച്ചാർഡ്, മലമ്പുഴ ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് ഫാം എന്നീ ഫാമുകളിൽ 285.11 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ അരീക്കുഴ ജില്ലാ കൃഷിത്തോട്ടം, വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി കൃഷിത്തോട്ടം, കരിമണ്ണൂർ സംസ്ഥാന വിത്ത് ഉൽപാദന കൃഷിത്തോട്ടം എന്നീ ഫാമുകളിൽ 271 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ കൂത്താളി ജില്ലാ കൃഷിത്തോട്ടം, പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാം, തിക്കോടി CN എന്നീ ഫാമുകളിൽ 324.69351 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചു വരുന്നു. |

**2) <u>സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു .</u>**

ഇടുക്കി വണ്ടിപ്പെരിയാറിലെ സംസ്ഥാന പച്ചക്കറി ഫാമിലുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം- (പദ്ധതി തുക 133 ലക്ഷം) നിലവിൽമണ്ണ് പരിശോധന പ്രക്രിയകൾ നടന്നുവരുന്നു.

എറണാകുളം ജില്ലയിലെ നേരിയമംഗലത്തെ കൃഷി തോട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 235 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. നേരിയമംഗലം കൃഷി ഫാമിന്റെ 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സംയോജിത ഫാം മാനേജ്മെന്റ് പദ്ധതി പുരോഗതിയിലാണ്.

കണ്ണൂർ ജില്ലയിലെ ചാലോട് ഫാമിൽ 23.52 ലക്ഷം രൂപയുടെ റെയിൻ ഷെൽട്ടർ, പോളിനേഷൻ യൂണിറ്റ് എന്നിവയുടെ നിർമ്മാണത്തിന്റെ ടെൻഡറിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നു .

പഴങ്ങളുടെ വികസനം 2020-21- അടിസ്ഥാന സൗകര്യ വികസനം - കണ്ണൂർ ജില്ലയിലെ കങ്കോൽ സീഡ് ഫാമിൽ മഴ മറയുടെ നിർമ്മാണം (1 എണ്ണം) (പദ്ധതി തുക 3.5 ലക്ഷം) എന്നിവയുടെ 95% പൂർത്തീകരിച്ചു.

പഴങ്ങളുടെ വികസനം 2020-21- അടിസ്ഥാന സൗകര്യ വികസനം - കണ്ണൂർ ജില്ലയിലെ വേങ്ങാട് സീഡ് ഫാമിൽ മഴ മറയുടെ നിർമ്മാണം (2 എണ്ണം). (പദ്ധതി തുക 3.5 ലക്ഷം)-95% പൂർത്തീകരിച്ചു.

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിനായി 14 ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിനുള്ള 120 കോടി രൂപയുടെ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

| | |
|---|---|
| (ബി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് യഥേഷ്ടം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) സർക്കാരിന്റെ കീഴിലുള്ള 63 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വർഷം തോറും ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. 2021-22 ൽ നടീൽവസ്തുക്കളുടെ ഉത്പാദനവും, വിതരണവും എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും, ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും, മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും, ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>നാളികേര വികസന പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി വിത്ത് തേങ്ങാ സംഭരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും, തൈകളുടെ ഉത്പാദന ചിലവുകൾക്കുമായി 1391 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 1 ലക്ഷം എണ്ണം കുറിയ ഇനം, 12 ലക്ഷം എണ്ണം നെടിയ ഇനം (WCT ), 3 ലക്ഷം എണ്ണം സങ്കരയിനം തെങ്ങിൻ തൈകൾ ഫാമുകളിൽ ഉൽപാദിപ്പിക്കാനായി ലക്ഷ്യമിട്ടിരിക്കുന്നു. ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനവും, സ്പെഷ്യൽ ഫാമുകളുടെ യന്ത്രവത്ക്കരണത്തിനുമായി 2021-22 ൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) കൃഷിക്കാർക്ക് ഫാം കേന്ദ്രീകരിച്ച് കാർഷിക അനുബന്ധ പരിശീലനങ്ങൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ? | (സി) കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് കർഷകർക്ക് സർക്കാർ ഫാമുകളിൽ പരിശീലനം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**